**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6306 20/11/2019 -ലെ മറുപടിക്ക്.

**കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ക്രമക്കേട്**

ചോദ്യം

**ശ്രീ.സണ്ണി ജോസഫ്**

മറുപടി.

**ശ്രീ. ടി.പി.രാമകൃഷ്ണൻ**

**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയതിൽ കോടിക്കണക്കിന് രൂപയുടെ തിരിമറി കണ്ടെത്തിയിട്ടുണ്ടോ; | (എ) (ബി) & (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട് തിരിമറികളൊന്നും കണ്ടെത്തിയിട്ടില്ല. എന്നാൽ ബോർഡിന്റെ മലപ്പുറം ജില്ല ആഫീസിൽ അംശദായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് തിരിമറി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിൽ, പോലീസ് FIR നം 0136/19 നം കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചിരിക്കുന്നു. |
| (ബി) | ഏതൊക്കെ ജില്ലകളിലാണ് തിരിമറി കണ്ടെത്തിയത്; എത്ര കോടി രൂപയുടെ തിരിമറിയാണ് കണ്ടെത്തിയത് എന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ